കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2016-17**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail: lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1602/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം, തീയതി: 05.08.17.

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ.

<u>പകർപ്പ്:</u>

1) സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1602/2017 തീയതി: 05.08.2017.

<u>തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ</u>

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.11.2016 തീയതി മുതൽ 10.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.ജമാലുദ്ദീൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 18.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സനിൽ.എസ്,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സ്വപ്ന.ആർ.കെ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലേഖ.എം.എൽ,<br>സീനി.ഗ്രേ.ഓഡിറ്റർ |

| | |
|---|---|
| | |
| | ശ്രീ.വിനുകുമാർ.പി.കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ. വിലാസിനി | 01.04.2016മുതൽ 31/03/2017വരെ |
| സെക്രട്ടറി | ശ്രീ.സജീന്ദ്രബാബു. | 01/04/2016മുതൽ 18/07/2016വരെ |
| | ശ്രീ.എസ്.മോഹനചന്ദ്രൻ (അസി.സെക്രട്ടറി ഇൻ-ചാർജ്) | 19.07.2016 മുതൽ 20.07.2016 വരെ |
| | ശ്രീമതി.എസ്.സൈമ | 20/07/2016മുതൽ 14/11/2016 വരെ |
| | ശ്രീ.എസ്.മോഹനചന്ദ്രൻ (അസി.സെക്രട്ടറി ഇൻ-ചാർജ്) | 15.11.2016 മുതൽ 22.11.2016 വരെ |
| | ശ്രീമതി.ഡി.എസ്.ലതിക | 23/11/2016മുതൽ 31/03/2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എ.നൗഷാദ്., വടക്കേ ബംഗ്ലാവ്, വലിയകുന്ന്, അവനവഞ്ചേരി.പി.ഒ. ആറ്റിങ്ങൽ. | 01/04/2016 മുതൽ 31/03/2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ.സജി.കെ. ലക്ഷ്മി നിവാസ്, ശിവകൃഷ്ണപുരം, മുടപുരം, ചിറയിൻകീഴ് പി.ഒ. | 01/04/2016മുതൽ 08/11.2016വരെ |
| | ശ്രീ.നൗഫൽ. | 09/11/2016മുതൽ |

| | | |
|---|---|---|
| | കരിക്കകത്തു വീട്, കണിയാപുരം. | 25/11.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീമതി.സുജ.ബി. വണ്ടാന്റെ വിള, വക്കം.പി.ഒ. | 26/11/2016മുതൽ 31/03/2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രമാദേവി.ബി, കൃഷ്ണവിലാസം, പനങ്ങോട്, വെങ്ങാനൂർ.പി.ഒ. | 01/04/2016 മുതൽ 30.09.2016വരെ |
| | ശ്രീമതി.സീമ തമ്പി, അഞ്ച്തെങ്ങ്. | 01/10/2016 മുതൽ 16/11/2016 വരെ |
| | ശ്രീമതി.രേഖ.കെ. കുഴിവിള വീട്, അമർ ഹോസ്പിറ്റലിന് സമീപം, ആറ്റിങ്ങൽ. | 17/11/2016മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.രാമകൃഷ്ണ ബാബു, ഗായത്രി മഠം, ശ്രീനിവാസപുരം, വർക്കല. | 01/04/2016മുതൽ 31/03/2017വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.പി.എൻ.അജിത് കുമാർ നളിന പ്രഭ, നീരോന്തി, പാരിപ്പള്ളി പി.ഒ, കൊല്ലം | 01/04/2016മുതൽ 31/03/2017വരെ |
| മെഡിക്കൽ | ഡോ.ബിന്ദു, | 01/04/2016മുതൽ |

| | | |
|---|---|---|
| ഓഫീസർ (ഹോമിയോ) | കൃഷ്ണ കൃപ, കരിയ്ക്കകം, തിരുവനന്തപുരം - 695021 | 31/03/2017വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഗീത.കെ.കെ, ഐശ്വര്യ, ചെമ്പൂർ മുദാക്കൽ പി.ഒ. | 01/04/2016മുതൽ 31/03/2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി. രശ്മി.ആർ.എസ് ജ്യോതിർഗമയ, അമ്പാടി നഗർ ലൈൻ-3, എഞ്ചിനീയറിംഗ് കോളേജിന് സമീപം, ശ്രീകാര്യം പി.ഒ - 695017 | 01/04/2016മുതൽ 31/03/2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ലേഖ ജോർജ്ജ്, മൃഗാശുപത്രി, കീഴാറ്റിങ്ങൽ. | 01/04/2016മുതൽ 31/03/2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എസ്.മോഹന ചന്ദ്രൻ, ആദർശ് ഭവൻ, വഞ്ചിയൂർ പി.ഒ, ആലംകോട്. | 01/04/2016മുതൽ 28/12/2016 |
| | ശ്രീമതി. കെ.എസ്.ഷീബ സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | 16/01/2017മുതൽ 31/03/2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം,വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3<br>1-4 | |
| | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-4 | |
| 4 | സാമ്പത്തിക വിശകലനം | 1-5 | |
| 5 | ഫണ്ട് വിനിയോഗം | 1-6 | |
| 6 | പദ്ധതി അവലോകനം. | 1-7 | |
| 7 | തനത് വരുമാനം. | 1-8 | |
| 8 | ക്ഷേമപദ്ധതികൾ | 1-9 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-11 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | <u>ഭാഗം - 2</u> | | |
| 12 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-1 | |
| 13 | സ്ഥാപന /തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-2 | |
| 14 | ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല | 2-3 | |
| 15 | ട്രേഴ്ഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലിക്കമാക്കി സൂക്ഷിക്കുന്നില്ല | 2-4 | |
| 16 | പഞ്ചായത്ത് സ്റ്റാളുകളുകളുടെ വാടക ഈടാക്കുന്നില്ല | 2-5 | |
| 17 | വാഹന ഇൻഷ്വറൻസ്- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 2-6 | |
| 18 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-7 | |
| 19 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി | 2-8 | |

| | | | |
|---|---|---|---|
| | പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | | |
| | ഭാഗം - 3 | | |
| 20 | വെള്ളക്കരകുടിശ്ശിക - അപാകതകൾ | 3-1 | |
| 21 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല | 3-2 | |
| 22 | വി.ഇ.ഒ-യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്. | 3-3 | |
| 23 | ഫർണിച്ചർ വാങ്ങൽ പദ്ധതി - വാങ്ങിയ ഫർണിച്ചർ മുഴുവൻ വിതരണം ചെയ്തിട്ടില്ല. പത്താംതരം തുല്യത പഠനം - രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-4 | |
| 24 | പത്താംതരം തുല്യത പഠനം-രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-5 | |
| 25 | മരുന്ന് വാങ്ങൽ പദ്ധതി - ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല. | 3-6 | |
| 26 | വിനിയോഗ സാക്ഷ്യപത്രം | 3-7 | |

| | | | |
|---|---|---|---|
| | ഹാജരാക്കിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണംനടത്തേണ്ട പദ്ധതികൾ നടപ്പിലാക്കിയില്ല - ചെലവ് ശൂഷ്കം | | |
| 27 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തേണ്ട പദ്ധതികൾ നടപ്പിലാക്കിയില്ല - ചെലവ് ശൂഷ്കം | 3-8 | |
| 28 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതി അവലോകനം | 3-9 | |
| | ഭാഗം - 4 | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 38 | അനുബന്ധ പത്രികകൾ - ഓഡിറ്റ് സർട്ടിഫിക്കറ്റ്. | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 23.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 138130084/- രൂപയും, ആകെ ചെലവ് 136142650/- രൂപയും, നീക്കിയിരുപ്പ് 1987434/-രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 10/07/2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 17/07/2017 | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. എസ്.ബി.റ്റി. തനത് ഫണ്ട് ക്യാഷ്ബുക്ക് പ്രകാരമുള്ള ബാലൻസ് 2366059/- പാസ്ബുക്ക് പ്രകാരം 2411934/-, അൺക്യാഷ്ഡ് ചെക്ക് 34133/- രൂപയാണ്. ഇതുകൂടാതെ 11742/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.
2. Treasury ownfund VPFA 1-2 ക്ലോസ് ചെയ്തിട്ടില്ല. 1209/- രൂപ ബാലൻസ് നിലനില്ക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല.
3. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി.11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ (31315730/-) കൃത്യത വ്യക്തമല്ല.
4. വാടക ഡിമാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരം 313140/-, രജിസ്റ്റർ പ്രകാരം 324479/-, വ്യത്യാസം ക്രമീകരിച്ചിട്ടില്ല.
5. വസ്തു നികുതി ഡിമാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരം 1913189/-രൂപ, കളക്ഷൻ 1951102/-രൂപ, ബാലൻസ് 2743324/- രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ പ്രകാരം ഇവ യഥാക്രമം 4563792/-, 1951102/-, 2612690/- എന്നിങ്ങനെയാണ്.
6. വാർഷിക ധനകാര്യ പത്രികയിൽ B-11(a) പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഷെഡ്യൂളിൽ 457439/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസി. എഞ്ചിനീയർ നല്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 451812/-രൂപയ്ക്കാണ് പാർട്ട്ബിൽ നല്കിയിരിക്കുന്നത്.
7. വി.ഇ.ഒ നടപ്പിലാക്കിയ സാനിട്ടറി യൂണിറ്റ് ജനറൽ (1/17) പദ്ധതി പ്രകാരം ചെലവ് തുക 1468000/-രൂപയാണ്. വാർഷിക ധനകാര്യ പത്രിക, ചെലവ് പത്രിക എന്നിവയിൽ 1478000/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 23.03.17-ൽ 10000/- രൂപ ചെലവാകാതെ ട്രഷറിയിൽ തിരികെ അടച്ചത് അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7173835/- |
| വരവ് | 39824778/- |
| ആകെ | 46998613/- |
| ചെലവ് | 39243729/- |
| നീക്കിയിരിപ്പ് | 7754884/- |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8449415 | 8449415 | 8449415 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3852170 | 3852170 | 3852170 | 0 |
| വികസനഫണ്ട് ടി.എസ്.പി. | nil | nil | | | |
| സംരക്ഷണ ഗ്രാന്റ് റോഡ്* | 0 | 3926029 | 3926029 | 3926029 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ്* | 0 | 1972330 | 1972330 | 1972330 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2146636 | 8142852 | 10289488 | 5179390 | 5110098 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2990494 | 2990494 | 2990494 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 733 | 1023621 | 1024354 | 980328 | 44026 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 1249600 | 1249600 | 1249600 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 78500 | 78500 | 78500 | 0 |
| സാക്ഷരത | 1332 | 43500 | 44832 | 18104 | 26728 |
| ടോട്ടൽ സാനിട്ടേഷൻ | 0 | 1105000 | 1105000 | 1105000 | 0 |
| തനത് ഫണ്ട് | 4821240 | 5892693 | 10713933 | 1005513 | 662485 |
| Own Fund VPFA | 1209 | 0 | 0 | 0 | 1209 |
| Own Fund VPFA | 0 | 0 | 0 | 0 | 100 |
| Cash | 202685 | 206664 | 409349 | 202685 | 206664 |
| Total | 7173835 | 40031442 | 47205277 | 39450393 | 7754884 |

## 1-7 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 65745223 | 80 | 23160361 | 4 | 113 | 40.6 |

## 1-8 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1392973 | 1432825 | 39852 | + |
| കെട്ടിട നികുതി | 1549739 | 1951102 | 401363 | + |
| വിനോദ നികുതി | 0 | 0 | 0 | |
| പരസ്യ നികുതി | 9500 | 12000 | 1500 | + |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 294151 | 201600 | 92551 | - |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 209132 | 200601 | 8531 | - |
| ഡി & ഒ ലൈസൻസ് | 47660 | 74500 | 26840 | + |
| മറ്റുവരവുകൾ | 608738 | 2020065 | 1411327 | + |
| ആകെ | 4111893 | 5892693 | 1780800 | + |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 750600 | 450 |
| കർഷകതൊഴിലാളി പെൻഷൻ | 1068020 | 117 |
| വിധവാപെൻഷൻ | 10670380 | 1085 |
| വാർദ്ധക്യകാലപെൻഷൻ | 27533015 | 2468 |
| വികലാംഗപെൻഷൻ | 2937005 | 327 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 480000 | 16 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 559500 | 56 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-07-2017 ന് 10.30AM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4422/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

ഉല്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിലെ വികസന പദ്ധതികൾക്കായി 65745223/-രൂപ ആകെ അടങ്കൽ വകയിരുത്തിെങ്കിലും, ആകെ അടങ്കലിന്റെ 19% - (12500183/-രൂപ) മാത്രമാണ് ചെലവഴിക്കാനായത്. തെരുവ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിൽ പഞ്ചായത്ത് യാതൊരു നിയന്ത്രണവും പാലിക്കുന്നതായി കാണുന്നില്ല. ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതായി കാണുന്നില്ല. സംയുക്ത പരിശോധന നടത്തി നിലവിൽ വെള്ളം കിട്ടുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് തുക ഒടുക്കുകയാണ് ചെയ്തുവരുന്നത്. വെള്ളക്കര കുടിശ്ശിക/പിഴ ഇനത്തിൽ ഭീമമായ തുക കേരള ജല അതോറിട്ടിയിൽ അടവാക്കുന്നുണ്ട്. പഞ്ചായത്തിലെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് പകരം പഞ്ചായത്തിലേക്ക്, ഫർണിച്ചർ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിലാണ് ഭരണസമിതി ഊന്നൽ നൽകിയിട്ടുള്ളത്. ഇത് പഞ്ചായത്തിന്റെ ആഭ്യന്തര

നിയന്ത്രണത്തിലെ പോരായ്മയാണ് വെളിവാക്കുന്നത്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/02/2017 | 01/01/2017 | 02/2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08/02/2016 മുതൽ 22/02/2016 വരെ | 2010-11 മുതൽ 2014-15 വരെ | 01/04/2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1), 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 3 എന്നിവ അനുസരിച്ച് ഒരു വ്യക്തി തുടർച്ചയായോ, പലപ്പോഴായോ, ഓരോ അർദ്ധവർഷത്തിലും, ഗ്രാമപഞ്ചായത്ത് മേഖലയിൽ 60ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന വ്യക്തികൾ നിയമാനുസൃതമായ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വ്യക്തിയുടെ പേര് | ഒന്നാം അർദ്ധ വർഷത്തെ വരുമാനം | ഒടുക്കേണ്ട തുക | ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | സമീറാബീവി | 100628 | 1000 | 450 | 550 |
| 2 | കാക്കോട്ശ്രീധർമ്മശാസ്താക്ഷേത്രം വിളക്കുടിധർമ്മശാസ്താക്ഷേത്രം (കേളേശ്വരം ദേവസ്വം) (3 ജീവനക്കാരുടെ 1250x2 + 450x1) | രേഖപ്പെടുത്തിയിട്ടില്ല | 2950 | - | 2950 |

തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിൽ കൃത്യത കാണുന്നില്ല. തൊഴിൽനികുതി സ്വീകരിക്കുമ്പോൾ കൃത്യമായ പരിശോധനയും നടത്തുന്നില്ല. തൊഴിൽനികുതി പത്രികയിൽ ജീവനക്കാരുടെ വരുമാന വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽനികുതി യഥാവിധി പിരിച്ചെടുത്ത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അതോടൊപ്പം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 3500/- രൂപ പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന/തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കേണ്ടതുക (2016-17ഒന്നാം അർദ്ധവർഷം) | ഒടുക്കേണ്ടതുക (2016-17രണ്ടാം അർദ്ധവർഷം) | ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | മാവേലി സ്റ്റോർ, നിലയ്ക്കാമുക്ക് | 1250 | 1250 | 900 | 1600 |
| 2 | KSEB, കടയ്ക്കാവൂർ | 1250 | 1250 | 1250 | 1250 |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 2850/- രൂപ പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് (ഡി & ഒ ലൈസൻസ് നൽകൽ ചട്ടങ്ങൾ ) ചട്ടം 10-പ്രകാരം സാമ്പത്തിക വർഷാരംഭത്തിന് മുൻപ് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് പുതുക്കേണ്ടതാണ്. ശ്രീ.എസ്.ബാബു, ആമ്പോലിവീട് , കടയ്ക്കാവൂർ, ശ്രീ.ഷംസുദീൻ, കോയപ്പറമ്പിൽ കെ.പി.അസോസിയേറ്റ്സ്, കടയ്ക്കാവൂർ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൽക്ക് 2015-16 വർഷം ലൈസൻസ് ഫീസും, മറ്റിനങ്ങളിലുമായി യഥാക്രമം 4000, 1200 എന്നീ തുകകൾ ഈടാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഈടാക്കി ഡി &ഒ ലൈസൻസ് പുതുക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ 12- ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, ഈസ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിയക്കുന്നുണ്ടോ എന്ന് അന്വേഷണംനടത്തി തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിരിക്കുന്നു. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലിക്കമാക്കി സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് മേഖലയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## 2-5 പഞ്ചായത്ത് സ്റ്റാളുകളുടെ വാടക ഈടാക്കുന്നില്ല

പഞ്ചായത്ത് സ്റ്റാളുകളിൽ നിന്ന് 2016-17 വർഷം വാടക ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്റ്റാൾ നമ്പർ | പ്രതിമാസവാടക | വാർഷിക വാടക |
|---|---|---|---|
| 1 | 6 | 615 | 7380 |
| 2 | 12 | 437 | 5244 |
| 3 | 25 | 532 | 6384 |
| 4 | 26 | 483 | 5796 |
| 5 | 27 | 483 | 5796 |
| 6 | 30 | 1520 | 18240 |
| ആകെ | | | 48840 |

വാടകയിനത്തിൽ 48840രൂപ പിരിച്ചെടുത്തിട്ടില്ല എന്നുമാത്രമല്ല, വാടക അടക്കാതെ കുടിശ്ശിക വരുത്തിയ വ്യക്തികൾക്ക് തന്നെ മേൽപ്പറഞ്ഞസ്റ്റാളുകൾ 2017-18 വർഷത്തിലും 5% വാടക വർദ്ധനവ് വരുത്തി നൽകിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.14)നൽകിയ മറുപടിയിൽ16.03.2016 ലെ കമ്മിറ്റി തീരുമാനം V(2)പ്രകാരം ഇവർക്ക് സ്റ്റാളുകൾ നൽകാൻതീരുമാനിച്ചു എന്ന് പറഞ്ഞിരിക്കുന്നു. കുടിശ്ശിക അടവാക്കാതെ അതേ വ്യക്തികൾക്ക് തന്നെ സ്റ്റാളുകൾ നൽകിയിരിക്കുന്നത് ഗുരുതര വീഴ്ചയാണ്. വാടകകുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ള 48840രൂപ പലിശയടക്കം അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടി പഞ്ചായത്ത് കൈക്കൊള്ളേണ്ടതും, തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ആണ്.

## 2-6 വാഹന ഇൻഷ്വറൻസ്- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

സർക്കാർ ഉത്തരവ് ജി.ഒ(പി)നം.819/2000/ഫിൻ, തീയതി 18.04.2000 പ്രകാരം സർക്കാർ സ്ഥാപനങ്ങളും, സ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നാണ് വാഹന ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ വാഹനം(ബൊലേറോ നം .KL16G-3344) 2016-17 വർഷത്തിൽ യുണൈറ്റഡ്ഇൻഷ്വറൻസ് എന്ന സ്ഥാപനത്തിൽ നിന്ന് 9526/-രൂപ മുടക്കിയാണ് ഇൻഷ്വറൻസ് എടുത്തിട്ടുള്ളത്. വരും വർഷങ്ങളിൽ സർക്കാർ ഉത്തരവ് നടപ്പിലാക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 50260/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ (എം.എസ്)318/2013 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 158/17 | അംഗനവാടി അടിസ്ഥാന സൗകര്യ വികസനം | 1300 | 1 | 1300 |
| 2 | 223/17 | പള്ളിമുക്ക് വിളയിൻമൂല വെയിറ്റിംഗ് ഷെഡ് നിർമ്മാണം | 1260 | 4 | 5040 |

| | | | | | |
|---|---|---|---|---|---|
| 3 | 222/17 | മെമ്പർമാർക്ക് പഞ്ചായത്ത് ഹാളും, മറ്റ് വികസന പ്രവൃത്തികളും | 1700 | 1 | 1700 |
| 4 | 138/17 | മണനാക്ക്-കലുങ്ങിന്റെമൂട്-കാട്ടുവിള അപ്രോച്ച് റോഡ്-സൈഡ് പ്രൊട്ടക്ഷൻ | 1800 | 4 | 7200 |
| 5 | 233/17 | പെരുങ്കുളം-അൽബുർഹാൻ റോഡ് നവീകരണം | 2500 | 2 | 5000 |
| 6 | 215/17 | സൈഡ് വാൾ, ഓട-നിർമാണവും സംരക്ഷണവും | 2500 | 3 | 7500 |
| 7 | 228/17 | മാടൻനട റോഡ് -റീ കോൺക്രീറ്റിംഗും, ഓടനിർമാണവും | 2500 | 4 | 10000 |
| 8 | 107/17 | ചെറുകരക്കോണം റോഡ്-ഫസ്റ്റ് മെറ്റലിംഗ് &ടാറിംഗ് | 1260 | 2 | 2520 |
| 9 | 229/17 | വട്ടറ കോളനി റോഡ് നവീകരണം | 2500 | 4 | 10000 |
| ആകെ | | | | | 50260 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. കടക്കാവൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 68971/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | കോൺട്രാക്ടർ/ കൺവീനർ | ഒടുക്കിയ തുക | ട്രഷറി/തീയതി | തനത് ഫണ്ടിൽ ഒടുക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 64-ാം നമ്പർ അംഗൻവാടിക്ക് പുതിയ കെട്ടിടനിർമ്മാണം | ബാജി.എം. | 970 | കടയ്ക്കാവൂർ ട്രഷറി 25/10/16 | 10 |
| | | | 5480 | കടയ്ക്കാവൂർ ട്രഷറി /01/17 | 55 |
| 2 | 64-ാം നമ്പർ അംഗൻവാടി പരിസരം വെള്ളക്കെട്ട് ഒഴിവാക്കൽ | ബാജി.എം. | 324 | കടയ്ക്കാവൂർ ട്രഷറി 25/10/16 | 3 |
| 3 | ഈഴമൂലതടത്തിൽ ഇടവഴി കോൺ ക്രീറ്റിംഗ് പാർശ്വഭിത്തി നിർമ്മാണം | ബിനീഷ് ചന്ദ്രൻ | 4113 | കടയ്ക്കാവൂർ ട്രഷറി 22/11/16 | 41 |

| | | | | | |
|---|---|---|---|---|---|
| 4 | കാവുവിള കോളനി സൈഡ് വാൾ നിർമാണം & നടപത നിർമ്മാണം | സുരേഷ് കുമാർ | 2643 | കടയ്ക്കാവൂർ ട്രഷറി 07/02/17 | 26 |
| 5 | ഭജനമഠം കുഴിവിള കാട്ടുവിള റോഡ്കോൺ ക്രീറ്റിംഗും സൈഡ് വാൾ നിർമാണവും | സുരേഷ് കുമാർ | 5323 | കടയ്ക്കാവൂർ ട്രഷറി 07/02/17 | 53 |
| 6 | കോയിക്കൽ ഇടവഴി റോഡ് ഉയർത്തലും കോൺക്രീറ്റിംഗും | ബിനീഷ് ചന്ദ്രൻ | 1138 | കടയ്ക്കാവൂർ ട്രഷറി 25/02/17 | 11 |
| 7 | കുഞ്ചുവീട് കളിവിളാകം റോഡ് റീകോൺക്രീറ്റിംഗ് | സമിജ്ജലാൽ | 1704 | കടയ്ക്കാവൂർ ട്രഷറി 25/02/17 | 17 |
| 8 | തിട്ടയിൽ കോളനിയിൽ പട്ടികജാതികുടുംബങ്ങളുടെ വീട്ടുകൾക്ക് അതിർത്തി കെട്ടി തിരിക്കലും നടപ്പാത കോൺക്രീറ്റിംഗ് | കവിരാജൻ | 6480 | കടയ്ക്കാവൂർ ട്രഷറി 25/02/17 | 65 |
| 9 | പ്ലാത്തറ ഇടവഴി കോൺക്രീറ്റിംഗ് | സമിജ്ജലാൽ | 911 | കടയ്ക്കാവൂർ ട്രഷറി 03/03/17 | 9 |
| 10 | പള്ളിമുക്ക് മംഗ്ലാവിൽ റോഡ് റീകോൺക്രീറ്റിംഗ് | സമിജ്ജലാൽ | 849 | കടയ്ക്കാവൂർ ട്രഷറി 03/03/17 | 8 |

| | | | | | |
|---|---|---|---|---|---|
| 11 | പോളച്ചിറ കയർ സൊസൈറ്റി റോഡ് കോൺ ക്രീറ്റിംഗ് | സുദേവൻ | 5863 | കടയ്ക്കാവൂർ ട്രഷറി 14/03/17 | 59 |
| 12 | പഴയംപള്ളി മാടൻനട റോഡ് റീകോൺക്രീറ്റിംഗ് | അപ്പുക്കുട്ടൻ | 1623 | കടയ്ക്കാവൂർ ട്രഷറി 22/03/17 | 16 |
| 13 | മായാഗിരി കുഴിയിൽ വീട് കോൺക്രീറ്റിംഗ് | അപ്പുക്കുട്ടൻ | 909 | കടയ്ക്കാവൂർ ട്രഷറി 22/03/17 | 9 |
| 14 | വയ്ക്കവിള ലക്ഷംവീട് കോളനി നവീകരണം | വിജയകുമാർ | 1582 | കടയ്ക്കാവൂർ ട്രഷറി 29/03/17 | 16 |
| 15 | കല്ലൂർക്കോണം വായന ശാലയുടെ നവീകരണം | (കൺവീനർ) രാജീവ് | 764 | കടയ്ക്കാവൂർ ട്രഷറി 30/03/17 | 8 |
| 16 | മൈത്രിനഗർ റോഡ് | ജി.വിജയൻ | 1996 | കടയ്ക്കാവൂർ ട്രഷറി 30/03/17 | 20 |
| 17 | മാലുമ്മേൽ ഇടവഴി കോൺ ക്രീറ്റിംഗ് | ബാജി.എം. | 1903 | കടയ്ക്കാവൂർ ട്രഷറി 30/03/17 | 19 |
| 18 | പോലീസ് സ്റ്റേഷൻ കരിച്ചിറ റോഡ്-ട്രഷറി റോഡ് ഫസ്റ്റ് റീച്ച് റീ ടാറിംഗ്, ഐറിഷ് ഡ്രെയിൻ നിർമ്മാണം | സുരേഷ് കുമാർ | 4859 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 49 |
| 19 | നെടിയവിള കോട്ടപ്പുറം | മണിക്കുട്ടൻ | 2618 | കടയ്ക്കാവൂർ ട്രഷറി | 26 |

| | | | | | |
|---|---|---|---|---|---|
| | റോഡ് റീ ടാറിംഗ്, സൈഡ് കെട്ട് കോൺ ക്രീറ്റിംഗ് | | | 07/02/17 | |
| 20 | ഭജനമഠം കാട്ടുവിള റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | ബിനീഷ് ചന്ദ്രൻ | 1900 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 19 |
| 21 | അമ്പിളിവെട്ടം ഓട നിർമ്മാണം | അനൂജ്.എസ്.പി. | 1226 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 12 |
| 22 | ആയുർവേദ ആശു പത്രിക്ക് ചുറ്റുമതിലും ഗേറ്റ് നിർമ്മാണവും | സനിൽ | 5911 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 59 |
| 23 | തെക്കുംഭാഗം വായനശാല കെട്ടിടം മെയിന്റനൻസ് | സമിജുലാൽ | 2038 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 20 |
| 24 | ഓവർബ്രിഡ്ജ് കരിങ്ങോട് റോഡ് റീടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | ബാജി.എം | 3465 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 35 |
| 25 | കൊക്കിയിൽ സെക്കൻറ് മെറ്റലിംഗ് & ടാറിംഗ് | സനിൽ | 2379 | കടയ്ക്കാവൂർ ട്രഷറി 31/03/17 | 24 |
| ആകെ | | | 68971 | | 690 |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 690/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയാകും. ഇത്തരത്തിൽ കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരകുടിശ്ശിക - അപാകതകൾ

*(i) വെള്ളക്കരകുടിശ്ശിക -പിഴ ഇനത്തിൽ ഭീമമായതുക കേരളജല അതോറിട്ടിയിൽ അടക്കുന്നു.*

പഞ്ചായത്തിന്റെ വെള്ളക്കരക്കുടിശ്ശിക ഇനത്തിൽ,പിഴ,പിഴയിൻമേൽപിഴ യടക്കം ഭീമമായ തുകയാണ് കേരള ജല അതോറിട്ടിയിൽ അടക്കുന്നത്. 2016-17 വർഷം കുടിശ്ശിക കുറക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് ഫണ്ട് (റോഡിതരം)ൽ നിന്നും 5,00,000/- രൂപയുടെ പദ്ധതി (S0055/16-17) ആകെ അടങ്കൽ വകയിരുത്തി "കുടിവെള്ള കുടിശ്ശിക അടക്കൽ" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജലഅതോറിട്ടിയുടെ 31.07.2016വരെയുള്ള ഡിമാന്റ് നോട്ടീസ് സംബന്ധമായ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നം/തീയതി | : 11196/16.08.2016 |
| Closing balance as on 31.07.2016 | : 48,51,407 |
| Demand for the month | : 1,10,688 |
| Fine | : 95,203 |
| Total | : 50,57,298 |

ജല അതോറിട്ടിയുടെ മേൽ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശികയും, പിഴയുമടക്കം ആകെ 50,57,298/-രൂപ അടവാക്കാനുണ്ട് എന്ന് കാണാവുന്നതാണ്.

*എന്നാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 22.12.2016-ലെ നം.കെ.എസ്.എ.റ്റി.വി.എം.ജി.പി 8/2113/2016നം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക3-4 വെള്ളക്കരം-പിഴയും പിഴയിന്മേൽ പിഴ ഈടാക്കലും പുന:പരിശോധന അനിവാര്യം എന്നതലക്കെട്ടിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്.* ആയതിൻ പ്രകാരം 4039904/-രൂപ 2015-16-ൽ (31.03.2016 വരെ) വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിയിൽ അധികമായി നിൽക്കുന്നു എന്ന് കണക്കാക്കിയിട്ടുണ്ട്.

ജലഅതോറിറ്റിയുടെ കണക്ക് പുന: പരിശോധിക്കാൻ വേണ്ട നടപടികളോ, 31.03.2016 വരെ ജല അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ അധികമായി നിൽക്കുന്ന 40,39,904/-രൂപ 2016-17 മുതലുള്ള വെള്ളക്കരത്തിൽ ക്രമീകരിച്ച് തുടർന്നുള്ള വെള്ളക്കരവും അതനുസരിച്ച് കണക്കാക്കി അടവാക്കാൻ വേണ്ട നടപടികളോ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23), 500000/-രൂപ വെള്ളക്കരം ഇനത്തിൽ അടച്ചത് ഓഡ്റ്റ് റിപ്പോർട്ട് ലഭിക്കുന്നതിന് മുൻപാണെന്നും, 2016-17 വാർഷിക പദ്ധതി ചെലവ് തീരെ കുറഞ്ഞ അവസ്ഥയിലായതുകൊണ്ടാണ് പ്രസ്തുത ചെലവിന് തുക വകയിരുത്തിയതെന്നും, കണക്കുകൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
മേൽ വിഷയത്തിൽ പഞ്ചായത്ത് അധികൃതർ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും, വെള്ളക്കരം ഇനത്തിലെ കണക്ക് ജലഅതോറിറ്റിയിൽ പുന:ക്രമീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും, തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ആണ്. അതോടൊപ്പം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(ii) പൊതുടാപ്പുകളുടെ സംയുക്ത പരിശോധന

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.05.09 ലെ ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഈ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. ആയതിലേക്ക് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. 23.6.2006-ലെ ജി.ഒ (ആർ.ടി.) 1501/2006/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളെ ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 253ടാപ്പുകൾ ഉള്ളതായി ഡിമാന്റ് നോട്ടിസിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണം ഡിമാന്റിൽ നിന്നും കുറവു ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തി അതിനനുസരിച്ച് വെള്ളക്കരം അടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

1) പ്രോജക്റ്റ് നമ്പർ : എസ് 0041/17 (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ആകെ അടങ്കൽ : 2,50,000 (വികസന ഫണ്ട്-എസ്.സി.പി)

2) പ്രോജക്റ്റ് നമ്പർ : എസ് 0068/17 (ആശ്രയ ഭവന നിർമാണം)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

ആകെ അടങ്കൽ : 10,00,000 (വികസന ഫണ്ട്)

ആശ്രയ പദ്ധതി നടപ്പിലാക്കാനായി വികസന ഫണ്ട് തുക വകയിരുത്തിയെങ്കിലും മേൽ പറഞ്ഞിട്ടുള്ള രണ്ട് പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്ന തിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21-ന്, പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കാത്തതിനാലാണ് ആശ്രയപദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് എന്ന് മറുപടി നൽകിയിട്ടുണ്ട്.

12-ാം പദ്ധതിമാർഗ്ഗരേഖയിൽ ദാരിദ്ര്യ നിർമാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൽക്ക് വേണ്ടിആശ്രയ എന്ന സ്പഷ്ടമായ പദ്ധതിഉണ്ടായിരിക്കണം എന്നും, ആശ്രയ പദ്ധതി തയാറാക്കുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതല ആണെന്നും നിഷ്കർഷിച്ചിരിക്കുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് അധികൃതർ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും, വരും വർഷങ്ങളിൽ വീഴ്ച കൂടാതെ പദ്ധതി നടപ്പിലാക്കേണ്ടതും ആണ്.

## 3-3 വി.ഇ.ഒ-യുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക തിരികെ

ഒടുക്കേണ്ടതാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് പാസ്ബുക്കിൽ (അക്കൌണ്ട് നം.SB 2117service co operative bank) നിലവിൽ 203763/- ബാലൻസ് കാണുന്നു. ഈ തുക, EMS ഭവന പദ്ധതിയുടെ ഭാഗമായി വികസനഫണ്ട്, ലോൺ എന്നിവ മുഖേന അക്കൗണ്ടിൽ വന്ന തുകയിൽ ഒരു ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹത ഇല്ലാത്തതിനാൽ അവശേഷിക്കുന്ന തുകയും മുൻകാലങ്ങളിൽ ഉണ്ടായിരുന്ന തുകയുടെ പലിശ തുകയും ചേർന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.15, dated.17.07.17) വി.ഇ.ഒ മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത തുക ലോൺ അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ഫർണിച്ചർ വാങ്ങൽ പദ്ധതി-വാങ്ങിയ ഫർണിച്ചർ മുഴുവൻ വിതരണം ചെയ്തിട്ടില്ല.

പദ്ധതി നം പേര് : S00 150/17 ഫർണിച്ചർ വാങ്ങാൻ ധനസഹായം (എസ്.സി.പി)

അടങ്കൽ തുക : 360000/- വികസനഫണ്ട്.
ചെലവ് തുക : 331958/- ബിൽ നം.
തീയതി : 4/2016-17, 30-03-17

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 83 കുട്ടികൾക്ക് 4000/- രൂപ വിലയുള്ള മേശയും കസേരയും വാങ്ങി നല്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 83മേശയും കസേരയും വാങ്ങിയെങ്കിലും 76എണ്ണമാണ് വിതരണം ചെയ്തിട്ടുള്ളത്. 7 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു.ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 18, dated 17.7.17) 4 എണ്ണം കൂടി വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും അവ കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയിട്ടില്ല.ആയതിനാൽ 7 ഫർണിച്ചറിന്റെ വില 28000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ആവശ്യകതാ നിർണ്ണയം നടത്തി ആവശ്യമായവ മാത്രം വാങ്ങി വാങ്ങിയ മുഴുവൻ സാധനങ്ങളും വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പത്താംതരം തുല്യത പഠനം-രേഖകൾ ഹാജരാക്കിയിട്ടില്ല.

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ സാക്ഷരതാ പ്രവർത്തനം (പ്രോജക്ട് നം.174/16-17) പദ്ധതിയുടെ ഭാഗമായി പത്താംതരം തുല്യതാ കോഴ്സിന് 25 വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസിനത്തിലും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ആകെ 37500/- രൂപ വികസന ഫണ്ടിൽ നിന്നും (പൊതുവിഭാഗം), ബിൽ നം.3/16-17 തീയതി 30.03.2017 പ്രകാരം പിൻവലിച്ച് ജില്ലാ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പരീക്ഷക്ക് ഹാജരായവർ, വിജയിച്ചവർ തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.17, dated 17.7.17) 2017 നവംബറിലാണ് പരീഷ നടക്കുന്നതെന്നും പരീഷ കഴിഞ്ഞ് റിസൾട്ട് വരുന്ന മുറക്ക് രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

1) പദ്ധതി നം., പേര് : S00 53/17 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക : 50000/- മെയിന്റനൻസ് നോൺറോഡ്.
ചെലവ് തുക : 50000/- ബിൽ നം
തീയതി : 1/2016-17, 17-02-17

2) പദ്ധതി നം., പേര് : 80/17, പാലിയേറ്റീവ് പരിചരണം.

അടങ്കൽ തുക : 500000/-

ബിൽ നം/തീയതി : 12/17, 04.03.17, 18/28.03.17

തുക : 460286/-

3) പദ്ധതി നം., പേര് : S0051/16-17ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.
അടങ്കൽ തുക : 500000/-

ചെലവ് തുക : 500000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ബിൽ നം തീയതി : 4/2016-17, 30-11-16 , 7/2016-17, 17-03-17

ക്രമ നം 1പ്രകാരം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പദ്ധതിയ്ക്കായി 50000/-രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (അക്കൗണ്ട് ട്രാൻസ്ഫർ വഴി) കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, ഹാജരാക്കിയിട്ടില്ല. കൂടാതെ ഡിസ്പൻസറിക്ക് മരുന്നും ലഭിച്ചിട്ടില്ല.

ക്രമ നം.2പ്രകാരം പാലിയേറ്റീവ് പരിചരണം പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 70000/- രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ-ന് അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട്. ഇതുവരെ രൂപയുടെ 42877/-മരുന്ന് കിട്ടിയിട്ടുണ്ട്. 27123/- രൂപയുടെ മരുന്ന് കിട്ടാൻ അവശേഷിക്കുന്നു.

ക്രമ നം.3പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 500000/- രൂപ പിൻവലിച്ച് ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഇതുവരെ 253541/-രൂപയുടെ മരുന്നുകളാണ് ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. 246459/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

അടച്ച തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (no.8/13.07.2017), (no19/17.07.2017), (no16/ 17.07.2017) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ ലഭിച്ചിട്ടില്ലാത്ത മരുന്നുകൾക്കുവേണ്ടി ചെലവഴിച്ച തുക 323582/-രൂപ (50000 + 27123 + 246459) തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം - 81/17

പേര് - പാലിയേറ്റീവ് പരിചരണം സെക്കന്ററി യൂണിറ്റ്

വികസന ഫണ്ട് - 100000/-

ബിൽ നം, തീയതി - 17/17,22.03.17

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി ഒരു ലക്ഷം രൂപ ജില്ല പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ റസീപ്റ്റ്/വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. (ഈ വിഷയം ബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം .19, 17.07.17) പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്).

## 3-8 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണംനടത്തേണ്ട പദ്ധതികൾ നടപ്പിലാക്കിയില്ല- ചെലവ് ശുഷ്കം

പട്ടികജാതിവിഭാഗങ്ങളുടെ ക്ഷേമത്തിനായി വികസനഫണ്ട്-എസ്.സി.പി വിഭാഗത്തിൽ തുക വകയിരുത്തി വിഭാവനം ചെയ്ത പദ്ധതികളിൽ 2015-16 വർഷം നടപ്പിലാക്കാതെ അവശേഷിച്ച 7 സ്പിൽഓവർ പദ്ധതികൾ, 2016-17 വർഷത്തെ 6 പദ്ധതികൾ എന്നിവയടക്കം ആകെ 13പദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറിക്ക് നിർവഹണം നടത്തേണ്ട ചുമതല ഉണ്ടായിരുന്നു. എന്നാൽ പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ വകയിരുത്തിയ തുകയുടെ 8% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം/പേര് | ഫണ്ടിനം | ആകെ അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | തുറന്ന കിണർ<br>S0036/17 (spill over) | വികസനഫണ്ട് (എസ്.സി.പി) | 34000 | 17000 | 50 |
| 2 | ആശ്രയ<br>S0041/16-17 (spill over) | ,, | 250000 | 0 | 0 |
| 3 | വനിതകൾക്ക് ഭൂമി വാങ്ങൽ<br>S0075-16-17(spill over) | ,, | 600000 | 0 | 0 |
| 4 | ഗാർഹികാവശ്യത്തിന് കുടിവെള്ളം<br>S0076/16-17 (spill over) | ,, | 80000 | 48000 | 60 |
| 5 | ഭവന പുനരുദ്ധാരണം<br>S0077/16-17 (spill over) | ,, | 565000 | 265000 | 47 |
| 6 | വീട് വൈദ്യുതീകരണം | ,, | 68000 | 4000 | 6 |

| | | | | | |
|---|---|---|---|---|---|
| | S0078/16-17 (spill over) | | | | |
| 7 | വൃദ്ധർക്ക്ഭവന പുനരുദ്ധാരണം S0079/16-17 (spill over) | ,, | 350000 | 0 | 0 |
| 8 | ഭവന പുനരുദ്ധാരണം - S0088/16-17 | ,, | 400000 | 62500 | 16 |
| 9 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ S0089-16-17 | ,, | 1125000 | 0 | 0 |
| 10 | വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ ധനസഹായം - S0090/16-17 | ,, | 200000 | 0 | 0 |
| 11 | പട്ടികജാതിയുവതിയുവാക്കൾക്ക് ഓട്ടോറിക്ഷ/പിക്-അപ്പ് ഓട്ടോറിക്ഷ നൽകൽ S0091/16-17 | ,, | 200000 | 0 | 0 |
| 12 | വിളക്കുതിരി നിർമാണ യൂണിറ്റ് S0092/16-17 | ,, | 100000 | 0 | 0 |
| 13 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ S00200/16-17 | ,, | 450000 | 0 | 0 |
| ആകെ | | | 4422000 | 396500 | 8 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി(2012-17) പുതുക്കിയ മാർഗരേഖ (ജി.ഒ(എം.എസ്. 4/2016,ത.സ്വ.ഭ.വ.11.01.2016) ഖണ്ഡിക 9 പ്രകാരം പട്ടികജാതി-പട്ടികവർഗ വികസനത്തിന് വേണ്ടി വികസന ഫണ്ടിൽനിന്ന് നിർബന്ധ വകയിരുത്തൽ നടത്തി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. ഭാവിയിൽ സാധ്യതാ പഠനം നടത്തി പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, നടപ്പിലാക്കേണ്ടതും ആണ്.

## 3-9 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2016-17സാമ്പത്തിക വർഷത്തിൽ തൊഴിൽ കാർഡ് അപേക്ഷകരുടേയും തൊഴിൽ കാർഡ് ലഭിച്ചവരുടേയും എണ്ണം | 1873 |

| | | |
|---|---|---|
| | | |
| 2 | 2016-17സാമ്പത്തിക വർഷത്തിൽ പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1756 |
| 3 | 2016-17സാമ്പത്തിക വർഷത്തിൽ തൊഴിൽ ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | 1756 |
| 4 | 100ദിവസത്തേക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 278 |
| 5 | 14ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവരുടെ എണ്ണം | 1706 |
| 6 | പഞ്ചായത്തിലെ ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം? | 286 |
| 7 | തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 286 |
| 8 | ആവശ്യമുള്ള തൊഴിൽ ദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം | 286 |
| 9 | പഞ്ചാത്തിലെ ആകെ വാർഡുകളുടെ എണ്ണം<br>സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| 16 | ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| 10 | സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |

| | | |
|---|---|---|
| 11 | സാമ്പത്തികവർഷംലേബർബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 256 |
| 12 | സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ, പൂർത്തിയാക്കിയ പദ്ധതികൾ | 150 |
| 13 | 2016-17സാമ്പത്തിക വർഷത്തിൽ സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 70 |
| 14 | 2016-17സാമ്പത്തിക വർഷത്തിൽ സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം? | 12053 |
| 15 | പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ | കോണത്തുകുളം, ആശാരിക്കുളം എന്നീ കുളങ്ങളുടെ നവീകരണവും, വാര്യംപുറം, മാണിക്യത്തോട്ടം, ഏലാപ്പുറം, മാമൂട്, മീനാംകുഴി, കല്ലിത്തോട്ടം, കൊള്ളഴികം എന്നീ തോടുകളുടെ നവീകരണ പ്രവർത്ത നങ്ങൾ ഹരിത കേരളവുമായി ബന്ധപ്പെട്ട് ചെയ്തു. |
| 16 | പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് നൽകുന്നത വിധം | വേതനത്തിനൊപ്പം EFMS വഴി നൽകുന്നു. |
| 17 | 2016-17സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി ചെലവായ ലേബർ കംപോണന്റ്, മെറ്റീരിയൽ കംപോണന്റ് | 4142810 |

| | | |
|---|---|---|
| 18 | പദ്ധതി പ്രകാരമുള്ള ആകെ വരവ് ചെലവ് കണക്കുകൾ<br>വരവ്<br>ചെലവ് | 42496488(EFMS 41428108)<br>- 42452462 |

19. ലഭിച്ച തൊഴിൽ ദിനങ്ങളുടേയും കുടുംബങ്ങളുടേയും വിവരം

| *ലഭിച്ച തൊഴിൽ ദിനങ്ങൾ* | *കുടുംബങ്ങളുടെ എണ്ണം* |
|---|---|
| 100 | 278 |
| 80മുതൽ 99വരെ | 332 |
| 70മുതൽ 79വരെ | 392 |
| 60മുതൽ 69വരെ | 250 |
| 50മുതൽ 59വരെ | 155 |
| 50ൽ താഴെ | 299 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസിയുടെ പേര് | പ്രവർത്തിയുടെ പേര് | ഡി.ഡി. നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | - | 1150000 | 536119 | 242807 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | - | 252120 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി ലോൺ | സ.ഉ (സാ)നം 275/2010/ തസ്വഭവ തീയതി 27.012010 | 12044825 | 1977068 (മുതൽ) 4141326 (പലിശ) | 0 | 0 | 1977068+ 4342801 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | തുക |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 150000 |
| ആകെ | 150000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 150000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക |
|---|---|
| നേതാജി ഫൗണ്ടേഷൻ അവാർഡിനു വേണ്ടി നിക്ഷേപിച്ചിരിക്കുന്ന തുക | 150000 |
| ആകെ | 150000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3.11 | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2011-12 | 3.12 | 2013-14 | 6.4 | തെരുവു വിളക്ക് രജിസ്റ്റർപരിപാലനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | 3.12 | 2013-14 | 6.4.1 | തെരുവു വിളക്ക് അറ്റകുറ്റ പണിയിൽ കണ്ടെത്തിയ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46998613/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39243729/- |
| വരവിനങ്ങളിലുള്ള നഷ്ടം | 51690/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | nil |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 323582 /- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 2850 | ശ്രീമതി.ഡി.എസ്.ലതിക, സെക്രട്ടറി |
| 2-5 | 48840 | ശ്രീമതി.ഡി.എസ്.ലതിക, സെക്രട്ടറി |
| ആകെ | 51690 | |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(1) | 50,000 | ഡോ. ബിന്ദു,മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | | ഹോമിയോ |
| 3-6(2) | 27,123 | ഡോ. രാമകൃഷ്ണ ബാബു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-6(3) | 24,6459 | ഡോ. പി.എൻ. അജിത് കുമാർ,മെഡിക്കൽ ഓഫീസർ, ആയുർവേദം. |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൽ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.*

ഇല്ല

*(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഖ.3-1

*(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം. | പേര്/ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഡി.എസ്.ലതിക, സെക്രട്ടറി | കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് | ശിവപ്രിയ, എൻ.എസ്.എസ്.നഗർ, വട്ടപ്പാറ (പി.ഒ) |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2025/05 തീയതി 18.12.2006 | 1 | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1597/07 തീയതി 10.04.2007 | 0 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2012/07 തീയതി 11.04.2008 | 5 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/571/09 തീയതി 22.08.2009 | 2 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09 തീയതി 24.04.2009 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09 തീയതി 24.04.2009 | 6 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/11 തീയതി 25.01.2012 | 1 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/2011 തീയതി 25.01.2012 | 4 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1916/13 തീയതി 15.11.2013 | 16 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/386/15 തീയതി 19.04.2016 | 12 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/952/16 തീയതി 02.07.16/ 11.08.16 | 12 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2113/16 തീയതി 29/12/2016 | 16 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകൾ

1. എസ്.ബി.റ്റി തനത് ഫണ്ട് ക്യാഷ്ബുക്ക് പ്രകാരമുള്ള ബാലൻസ് 2366059/- പാസ്ബുക്ക് പ്രകാരം 2411934/-, അൺക്യാഷ്ഡ് ചെക്ക് 34133/- രൂപയാണ്. ഇതുകൂടാതെ 11742/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.
2. Treasury ownfund VPFA 1-2 ക്ലോസ് ചെയ്തിട്ടില്ല. 1209/- രൂപ ബാലൻസ് നിലനില്ക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല.
3. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി.11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ (31315730/-) കൃത്യത വ്യക്തമല്ല.
4. വാടക ഡിമാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരം 313140/-, രജിസ്റ്റർ പ്രകാരം 324479/-, വ്യത്യാസം ക്രമീകരിച്ചിട്ടില്ല.
5. വസ്തു നികുതി ഡിമാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരം 1913189രൂപ, കളക്ഷൻ 1951102രൂപ, ബാലൻസ്2743324/- രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ പ്രകാരം ഇവ യഥാക്രമം 4563792/-, 1951102/-,2612690/- എന്നിങ്ങനെയാണ്.
6. വാർഷിക ധനകാര്യ പത്രികയിൽ B-11(a)പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഷെഡ്യൂളിൽ 457439/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസി. എഞ്ചിനീയർ നല്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 451812/-രൂപയ്ക്കാണ് പാർട്ട്ബിൽ നല്കിയിരിക്കുന്നത്.
   വി ഇ ഒ നടപ്പിലാക്കിയ സാനിട്ടറി യൂണിറ്റ് ജനറൽ(1/17) പദ്ധതി പ്രകാരം ചെലവ് തുക 1468000/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക, ചെലവ് പത്രിക എന്നിവയിൽ 1478000/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 23,03.17 ൽ 10000/- രൂപ ചെലവാകാതെ ട്രഷറിയിൽ തിരികെ അടച്ചത് അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ഒപ്പ്

സംസ്ഥാന ഓഡിറ്റ് വകുപ്പ്.